# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1072** **4/12/2014-ൽ മറുപടിക്ക്**

## ക്ലീൻ സ്കൂൾ - സ്മാർട്ട് ചിൽഡ്രൺസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ലീൻ സ്കൂൾ - സ്മാർട്ട് ചിൽഡ്രൺസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) സർവ്വശിക്ഷാ അഭിയാനുമായി ബന്ധപ്പെട്ടാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) സർവ്വശിക്ഷാ അഭിയാനുമായി ബന്ധപ്പെട്ടാണ് ക്ലീൻ സ്കൂൾ - സ്മാർട്ട് ചിൽഡ്രൺസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രാദേശിക സർക്കാർ എന്നിവയുടെ കൂട്ടായ ക്രിയാത്മകമായ ഇടപെടലിലൂടെയാണ് ഇത് സാധ്യമാക്കുക. |
| (സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ഡി) കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും കുട്ടികളുടെ അവകാശനിയമം അനുവർത്തിക്കുന്നു എന്നുറപ്പാക്കുക, കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ളതും ഫലപ്രദമായതും ആയ പഠനാനുഭവങ്ങൾ ലഭ്യമാക്കുക, മുഴുവൻ വിദ്യാലയങ്ങളും ശുചിത്വമുള്ളതും ആരോഗ്യകരമായതുമായ അന്തരീക്ഷം നിലനിർത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ |

നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി എസ്.എസ്.എ യുടെ ആഭിമുഖ്യത്തിൽ 2014 നവംബർ 14 ശിശുദിനത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും രക്ഷാകർത്തൃ സമ്മേളനങ്ങൾ നടന്നു. ഗുണനിലവാരവും ശുചിത്വവുമുള്ള വിദ്യാലയം എന്ന ആശയം പ്രാവർത്തികമാക്കാൻ ഒരോ വിദ്യാലയവും പരിപാടി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു. ഒരു വർഷം കൊണ്ട് ഓരോ വിദ്യാലയവും ശിശുസൗഹൃദ വിദ്യാലയമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയ തലത്തിൽ എസ്.എം.സി - പി.ടി.എ ചേർന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

Sreedevi

**സെക്ഷൻ ഓഫീസർ**